## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 131 — 06-01-2014-ൽ മറുപടിക്ക്.

### മദ്യവിമുക്ത കേരളം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എം. പി. വിൻസെന്റ്:<br>" കെ. ശിവദാസൻ നായർ:<br>" എ. റ്റി. ജോർജ്:<br>" തേറമ്പിൽ രാമകൃഷ്ണൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യവിമുക്ത കേരളം പരിപാടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ, മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കൊപ്പം വിപുലമായ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി, എഫ്.എം. റേഡിയോ, ടി.വി., സി.സി.ടി.വി., മാസികകൾ തുടങ്ങിയ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും, റെയിൽവേ സ്റ്റേഷനിൽ അനൗൺസ്മെന്റിലൂടെയും, കെ.എസ്.ആർ.റ്റി.സി. ബസ്സുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരസ്യങ്ങൾ പതിച്ചും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ, പോസ്റ്റർ പ്രദർശനം, തെരുവ് നാടകം, ഡോക്യുമെന്ററി, ബോധവൽക്കരണ ക്ലാസ്, കൂട്ടഓട്ടം, സെമിനാർ, ലഘുലേഖ വിതരണം, മാജിക്ഷോ തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലഹരി വിരുദ്ധ സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി 'അതിജീവനം' എന്ന കൈപ്പുസ്തകം തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ എൻ.എസ്.എസ്., എസ്.പി.സി, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ എന്നിവയുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | സമൂഹത്തിലെ എല്ലാതലങ്ങളിലും, മദ്യ-മയക്കുമരുന്നുകൾക്ക് എതിരായ ലഹരി വിരുദ്ധ സന്ദേശങ്ങൾ എത്തിക്കുക വഴി മദ്യവിമുക്ത കേരളം എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുക എന്നതാണ് ഉദ്ദേശിക്കുന്നത്. |
| (സി) | സ്കൂൾ-കോളേജ് കാമ്പസ്സുകളിൽ മദ്യാസക്തിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധ നയപരിപാടികൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, ഹയർ സെക്കന്ററിതലം വരെയുള്ള 810 സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലഹരി വിരുദ്ധ സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി 'അതിജീവനം' എന്ന കൈപ്പുസ്തകം തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ എന്നിവയുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. |
| (ഡി) | സന്നദ്ധസംഘടനകൾ, സർക്കാർ മാധ്യമങ്ങൾ എന്നിവയുടെ സഹകരണം പ്രസ്തുത പരിപാടിക്ക് പ്രയോജനപ്പെടുത്തുമോ? | (ഡി) | നിലവിൽ, ഇവരുടെ പ്രവർത്തനം ഇതിനായി പ്രയോജനപ്പെടുത്തി വരുന്നുണ്ട്. |

സെക്ഷൻ ആഫീസർ